# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടപ്പറ്റ ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം13/3399/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം,

ഇ-മെയിൽ -dompm.ksad@kerala.gov.in

വെബ് -www.ksad.kerala.gov.in

ഫോൺ 0483 2734951

തീയതി. 11-01-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

എടപ്പറ്റ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എടപ്പറ്റ ഗ്രാമ പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടപ്പറ്റ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട്

വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി

ഡയറക്ടർ

പകർപ്പ് :1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ എസ് എ.എം.പി.എം13/3399/2016
തിയ്യതി: 11-01-2017

മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ സാമ്പത്തിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07.07.2016 മുതൽ 07.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 2016 സെപ്റ്റംബർ മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. |
|---|---|
| 40527 | 16 |
| 40528 | 07 |
| 40529 | 0 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 07 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 04 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.എ.എസ്.ഷാജഹാൻ, |
| | | ഡെപ്യൂട്ടി ഡയറക്ടർ |
| | | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 14.10.2016 മുതൽ 24.10.2016 വരെ. |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.ടി.പി.ജലീൽ | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.മുഹമ്മദ് സലീം.ടി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ.യൂസഫ്.പി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

ശ്രീ. ജോർജ്ജ് മാത്യു 01.04.2015മുതൽ 31.10.2015 വരെ

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 01.11.2015 മുതൽ 17.11.2015 വരെ

ശ്രീമതി.തനൂജ.എൻ.പി. 18.11.2015 മുതൽ 31.03.2016 വരെ

സെക്രട്ടറി

ശ്രീ.എസ്സ്.നിസ്സാർ. 01.04.2015മുതൽ 18.04.2015 വരെ

ശ്രീമതി.ജെസ്സി.വി.(ചുമതല) 19.04.2015 മുതൽ 27.07.2015 വരെ

ശ്രീ.അബ്ദുൽ മജീദ്.പി.എം. 28.07.2015 മുതൽ 31.03.2016വരെ

| നിർവ്വഹണ ഉദ്യോഗസ്ഥർ : | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എഞ്ചിനീയർ | ശ്രീ.എം.പി.ജോസ് | 01.04.2015മുതൽ31.03.2016വരെ |
| വി.ഇ.ഒ. | ശ്രീ.പളനിസ്വാമി.എൻ | 01.04.2015മുതൽ31.03.2016വരെ |
| കൃഷി ഓഫീസർ. | ശ്രീമതി.ബിജ്ജുല ബാലൻ | 01.04.2015മുതൽ31.03.2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.റംലത്ത്.കെ. | 01.04.2015മുതൽ09.09.2015വരെ |
| | ശ്രീമതി.സ്വപ്ന | 10.09.2015 മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.നിമിഷ.പി | 01.04.2015മുതൽ31.03.2016വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | .ഡോ.ഫസൽ റഹ്മാൻ | 01.04.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ. (ആയുർവേദം) | ഡോ.ദിൽഷ.കെ.ബി. | 01.04.2015മുതൽ31.03.2016വരെ |
| വെറ്ററിനറി സർജൻ | ഡോ.ഫിസാ ഷെമീം | 01.04.2015മുതൽ31.03.2016വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.മോഹനൻ കളിവീട്ടിൽ | 01.04.2015മുതൽ31.05.2015വരെ |
| | ശ്രീ.അബ്ദുൽ ഖാദർ | 01.06.2015മുതൽ31.03.2016 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.ജെസ്സി.വി<br>ശ്രീമതി.മിനിമോൾ.സി. | 01.04.2015മുതൽ18.08.2015വരെ<br>19.08.2015മുതൽ31.03.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമപദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) | |
| 11 | അനുബന്ധ പത്രികകൾ | 1(11) | |
| | ഭാഗം 2 | | |
| 1 | മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല | 2(1) | |
| 2 | അനധികൃത കെട്ടിട നിർമ്മാണം -ഫീൽഡ് പരിശോധന നടത്തുന്നില്ല | 2(2) | |
| 3 | മുഴുവൻ വ്യാപാര സ്ഥാപനങ്ങൾ ലൈസൻസോടെ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്നില്ല | 2(3) | |
| | ഭാഗം 3 | | |
| 1 | അനുബന്ധസ്ഥാപനങ്ങൾക്ക് ഫർണീച്ചർ എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3(1) | |
| 2 | മെറ്റീരിയൽസ് സപ്ളൈ ചെയ്തതിന്ന് VATഈടാക്കിയില്ല | 3(2) | |

| | | | |
|---|---|---|---|
| 3 | അംഗനവാടിക്ക് വാങ്ങിയ സ്ഥലം അതിരിട്ട് സംരക്ഷിച്ചില്ല. | 3(3) | |
| | ഭാഗം 4 | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |
| 6 | ഓഡിറ്റ് റിക്കവറി | 4(6) | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) | |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) | |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി 1/23.3.15

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 20.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാർഷിക കണക്കുകളിലെ അപാകതകൾ

1.വാർഷിക കണക്കുകളുടെ കൂടെ അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ (മുൻ വർഷത്തെ അപാകതകൾ ക്രമീകരിച്ചതുൾപ്പെടെ ) സമർപ്പിച്ചിട്ടില്ല.

2.ധനകാര്യ വർഷത്തെ സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

3.അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറിയ വർഷം വരെയുള്ള മുഴുവൻ സ്ഥാവര ജംഗമ ആസ്തികളും തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ പോയ വർഷത്തെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

4.പഞ്ചായത്ത് തയ്യാറാക്കിയ ബഡ്ജറ്റ് ഫംഗ്ഷൻ ഫംഗ്ഷനറി അടിസ്ഥാനത്തിൽ സാംഖ്യാ വാർഷിക കണക്കുമായി താരതമ്യം ചെയ്യാവുന്ന വിധത്തിലല്ല.

5.വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

6.വാർദ്ധക്യകാല പെൻഷൻ ആകെ ചെലവ് 6847830 രൂപയുണ്ട്. ഈ ഇനത്തിലെ വരുമാനം I-6 പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. I-6 പത്രികയിലെ Joint venture projects from district panchayath എന്ന ഹെഡിൽ 6847830 രൂപയുണ്ടെങ്കിലും ഈ ഇനത്തിൽ യഥാർത്ഥത്തിൽ വരവില്ല.

7. A, C, CFC എന്നീ ഗ്രാന്റുകളുടെ വരവുകൾ പൂർണ്ണമായി AFS ൽ ഉൾപ്പെടുത്തിയിട്ടില്ല.

| ഗ്രാന്റ് | സർക്കാർ ഉത്തരവ് പ്രകാരമുള്ള ഗ്രാന്റ് | AFSൽ ഉൾപ്പെടുത്തിയ തുക | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 11410021 | 6882094 | 4527927 |
| വികസന ഫണ്ട് (SCP) | 3192000 | 3191500 | 500 |
| വികസന ഫണ്ട് (TSP) | | | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 9600000 | 9283588 | 316412 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 2432000 | 2222160 | 209480 |
| CFC | 5355816 | 5074503 | 281313 |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി 26611748

വരവ് 59640538

ആകെ 86252286

ചെലവ് 73756617

നീക്കിബാക്കി 12495669

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2895166 | 11410027 | 14305193 | 10949795 | 1197701 | |
| വികസന ഫണ്ട്(എസ്.സി.പി) | | 3192000 | 3192000 | 3191500 | | 500 |
| വികസനഫണ്ട് (ടി.എസ്.പി) | | | | | | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 9600000 | 9600000 | 9283588 | | 316412 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 2432000 | 2432000 | 2222160 | | 209480 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | | 5355816 | 5355816 | 3876802 | (-) 1197701 | 281313 |
| ലോക ബാങ്ക് സഹായം | 1800000 | | 1800000 | 1800000 | | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 208 | 131 | 15 | 62 | 63 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 1 | 1 | 1884000 | 115000 | 6 |
| വോ വെറ്റിനറി സർജൻ | 1 | 1 | 25000 | 25000 | 100 |
| മെഡിക്കൽ ഓഫീസർ | 5 | 4 | 765000 | 723600 | 95 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദ | 5 | 5 | 334000 | 334000 | 100 |
| വി.ഇ.ഒ | 17 | 12 | 36900989 | 11570074 | 31 |
| ഐ.സി.ഡി.എസ്.സൂപ്പർവ വൈസർ | 15 | 11 | 3766725 | 3367572 | 89 |
| ഹെഡ്മാസ്റ്റർ | 7 | 5 | 1917000 | 1206500 | 63 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 2 | 433500 | 275000 | 63 |
| സെക്രട്ടറി | 12 | 9 | 1491969 | 1136908 | 76 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 141 | 96 | 30238520 | 21444787 | 71 |
| TOTAL | 208 | 146 | 77756703 | 40198441 | 52 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2396079 | 2189351 | 206728 | (-)8.6 |
| നികുതിയേതര വരവുകൾ | 297233 | 337302 | 40069 | (+)13.5 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 100201 | 156171 | 55970 | (+)55.8 |
| ആകെ | 2793513 | 2682823 | 110690 | (-)4 |

തനതു വരുമാനം സംബന്ധിച്ച് തയ്യാറാക്കിയ സ്കോർ കാർഡ് അനുബന്ധം 2-ആയി ഉൾ പ്പെടുത്തിയിട്ടുണ്ട്

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 7 | 4 | 3 | |
| 2 | തൊഴിൽ രഹിത വേതനം | 9 | 9 | | |
| 3 | വിധവാ പെൻഷൻ | 50 | 47 | 3 | |
| 4 | വികലാംഗ പെൻഷൻ | 12 | 12 | | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | Nil | nil | | |
| 6 | വാർദ്ധക്യകാല പെൻഷൻ | 213 | 213 | | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 1679 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 5.10.2016 | 1.9.16 to 30.9.16 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. | -- |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 15.3.2010 to 26.3.2010 | 2004-05 to 2008-2009 | 29-04-2010 | ഇല്ല |

## 1-11 അനുബന്ധ പത്രികകൾ

1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

2 സ്കോർ കാർഡ്

3 നിർവ്വഹണാധികാരികൾ, നിർവ്വഹണോദ്യോഗസ്ഥർ എന്നിവരുടെ വിവരങ്ങൾ

4

5

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല

2015-16 വർഷം വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്ന നിലയിൽ 67 എണ്ണത്തിന് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. തൻ വർഷം 120 കച്ചവട/വ്യാപാര സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുത്തിട്ടുമുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 205(ബി) വകുപ്പ് പ്രകാരം വാണിജ്യാവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. 2015-16 ലെയും മുൻ വർഷങ്ങളിലെയും വാണിജ്യാവശ്യത്തിനു വസ്തു നികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് എടുത്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നോട്ടീസ് നൽകിയിട്ടില്ല.

ഇപ്രകാരം നോട്ടീസ് നൽകാത്തതിനാൽ ധാരാളം സ്ഥാപനങ്ങൾ തൊഴിൽ നകുതി ചുമത്തപ്പെടാതിരിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടത്തിനും കാരണമാകുന്നു. വാണിജ്യാവശ്യത്തിനു വസ്തു നികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് എടുത്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കുന്നതിന് നോട്ടീസ് നൽകേണ്ടതും വിവരങ്ങൾ സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെടുത്തി തൊഴിൽ നികുതി ചുമത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

### 2-2 അനധികൃത കെട്ടിട നിർമ്മാണം കണ്ടെത്തുന്നതിന് ഫീൽഡ് പരിശോധന നടത്തുന്നില്ല.

2015-16 വർഷം 125 കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവത്ക്കരണം നടത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് കരസ്ഥമാക്കാതെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗിനു വേണ്ടി ഗ്രാമ പഞ്ചായത്തിനെ സമീപിക്കുന്ന സമയത്ത് റെഗുലറൈസേഷൻ ഫീ ഈടാക്കി ക്രമവത്ക്കരണം നടത്തിയതാണ് ഇതിലെ ഭൂരിഭാഗവും. ബാക്കിയുള്ളവ കൂട്ടി ചേർക്കൽ ക്രമവത്ക്കരണം നടത്തിയതാണ്. 2011ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2014ലെ അനധികൃത കെട്ടിട നിർമ്മാണം ക്രമവത്ക്കരണ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഫീൽഡ് പരിശോധന കൂടി അനിവാര്യമാണ്. ഇപ്രകാരം ഫീൽഡ് പരിശോധന നടത്തുന്നതിന് യാതൊരു നടപടിയും ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചു കാണുന്നില്ല. ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

### 2-3 സ്ഥാപനങ്ങൾ ലൈസൻസോടെ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്നില്ല.

2014-15 വർഷം 145 സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ 2015-16 വർഷം 120 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഡി&ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കുന്നതിനും അവയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് ശ്രമം നടത്തിയതായി കാണുന്നില്ല,

കേരള പഞ്ചായത്ത് രാജ് നിയമം 232(1), 233(എ) വകുപ്പുകൾ പ്രകാരം ഗ്രാമ പഞ്ചായത്ത് അനുവദിക്കുന്ന ലൈസൻസില്ലാതെ യാതൊരു സ്ഥലവും സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ലാത്തതാണ്.

മുഴുവൻ വ്യാപാര സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് നേടി പ്രവർത്തിക്കുന്നുവെന്നും നിയമ വിരുദ്ധമായി യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലെന്നും ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അനുബന്ധസ്ഥാപനങ്ങൾക്ക് ഫർണീച്ചർ എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി.

പ്രോജക്റ്റ്: അനുബന്ധസ്ഥാപനങ്ങൾക്ക് ഫർണീച്ചർ.53/16 (ബഹുവർഷം)

അടങ്കൽ 14-15 300594 (MGNR)

15-16 199106 (വി.ഫ)

50300 (ത.ഫ)

ചെലവ് 14-15 300594

15-16 199106 ട്രഷറി ബിൽ നംപർ 22/15-16/31-3-16

50300 വൗച്ചർ നംപർ 21500928/30-3-16

ആകെ 550000

ഗ്രാമപഞ്ചായത്തിന്റെ അനുബന്ധസ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങി നൽകുന്നതിനുള്ള മേൽ പ്രോജക്റ്റ് പ്രകാരം 15-16 ൽ SIDCO യിൽ നിന്ന് 249406 രൂപയുള്ള ഫർണീച്ചർ വാങ്ങിയിട്ടുണ്ട്. വിശദാംശം താഴെകൊടുക്കുന്നു. (ബിൽ നമ്പർ SMCMJI 1469/12-3-15)

| ക്ര.നം | ഇനം | എണ്ണം | വില | ആകെ |
|---|---|---|---|---|
| 1 | Steel Table | 3 | 2400 | 7200 |
| 2 | Armed Fibre Chair | 22 | 820 | 18040 |
| 3 | Steel Table | 10 | 3341 | 33410 |
| 4 | Steel Table | 1 | 4777 | 4777 |
| 5 | Armless Fibre Chair | 349 | 430 | 150070 |
| | | | ആകെ | 213497 |
| | | | Vat | 30957.07 |
| | | Delevery | Charges | 5337 |
| | | | Discount | (-)385.07 |
| | | | G.T | 249406 |

**14-15** ൽ വാങ്ങിയത്

| | എണ്ണം | വില | ആകെ |
|---|---|---|---|
| Steel table | 2 | 3341 | 6682 |
| ,, | 4 | 4777 | 19108 |
| Steel Arm Chair | 15 | 1800 | 27000 |
| Exi table | 1 | 8400 | 8400 |

| | | | |
|---|---|---|---|
| Revolving chair | 1 | 8600 | 8600 |
| Steel cupboard | 1 | 8317 | 8317 |
| Fibre chair | 416 | 430 | 17888 |
| | VAT 14.5% | | 37263 |
| | Transportation charge | | 6425 |
| | Discount | | (-)81 |
| | ആകെ | | 300594 |

തൻ വർഷവും മുൻവർഷവും വാങ്ങിയവയിൽ Armless Fibre Chair മാത്രം 2014-15 ൽ 416 എണ്ണവും 2015-16 ൽ 349 എണ്ണവും ആയി ആകെ 765 എണ്ണമുണ്ട്. ഇവയിൽ വിതരണം ചെയ്തത് താഴെ പറയും പ്രകാരമാണ്.

| ക്ര.നം | സ്ഥാപനം | എണ്ണം |
|---|---|---|
| 1 | GLPS എടപ്പറ്റ | 100 |
| 2 | പാതിരിക്കോട് അംഗനവാടി | 100 |
| 3 | അമ്പാഴപ്പറമ്പ് തുടർവിദ്യാകേന്ദ്രം | 115 |
| 4 | പൂശാലിപ്പടി വായനശാല | 50 |
| 5 | ദേശീയവായനശാല, പാതിരിക്കോട് | 50 |
| 6 | വാക്കോട് ദയാ മഹിളാസമാജം | 60 |
| | ആകെ | 475 |

അപാകതകൾ

1) Armless Fibre Chair മാത്രമാണ് ഭാഗികമായെങ്കിലും വിതരണം ചെയ്തിട്ടുള്ളത്. (വാങ്ങിയത്-765, വിതരണം ചെയ്തത് 475, ബാക്കി-290). അവശേഷിക്കുന്ന ഫർണീച്ചർ ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽതന്നെയുള്ള രാജീവ് ഗാന്ധി രാഷ്ട്രനിർമാൺ കേന്ദ്രത്തിന് നൽകിയെന്ന് സ്റ്റോക്ക് രജിസ്റ്റർ പേജ് 167 ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ആരെങ്കിലും കൈപ്പറ്റുകയോ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കുകയോ ചെയ്തതായി കാണുന്നില്ല. കൂടാതെ മേൽ ഫർണീച്ചറിന് നംപർ നൽകിയിട്ടുമില്ല.

2) മേൽ പട്ടികയിലെ ക്ര.നം. 5,6 എന്നീ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ അനുബന്ധ സ്ഥാപനങ്ങൾ അല്ലാത്തതിനാൽ ഈ സ്ഥാപനങ്ങൾക്ക് ഫർണീച്ചർ നൽകിയത് വിശദമാക്കേണ്ടതാണ്. ക്ര.നം. 4 ഒരു സ്വകാര്യസ്ഥാപനമായതിനാൽ -ടി- സ്ഥാപനത്തിന് ഫർണിച്ചർ നൽകിയത് ശരിയായ നടപടിയല്ല. ഈ ചെലവ് 21,500 രൂപ (50 x 430) ഓഡിറ്റിൽ നിരാകരിക്കുന്നു.

3) ആവശ്യത്തിൽ കൂടുതൽ ഫർണീച്ചർ വാങ്ങിയിട്ടുണ്ടെന്ന്, Armless Fibre Chair മാത്രം ഭാഗികമായി വിതരണം ചെയ്ത്, ബാക്കി വിതരണം ചെയ്യാത്തതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ മുഴുവൻ ഫർണീച്ചറിനും നംപർ നൽകി, സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (2013-14, 2014-15 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-8 കൂടി കാണുക)

ഇക്കാര്യമുന്നയിച്ച് നൽകിയ 5/21-10-2016 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 2013-14, 2014-15 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-8 നിരാകരിച്ച 1,59,467/- രൂപയും 2015-16 ൽ

നിരാകരിച്ച 21,500 രൂപയും ആയി ആകെ 1,80,967/- രൂപ തടസ്സം ചെയ്യുന്നു.

## 3-2 മെറ്റീരിയൽസ് സപ്ളൈ ചെയ്തതിന് VAT ഈടാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

MGNREGS പദ്ധതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ളൈ ചെയ്ത സപ്ളയർമാരിൽ നിന്നും അർഹമായ VAT ഈടാക്കിയതായി കാണുന്നില്ല. മെറ്റീരിയൽ സപ്ളൈ ചെയ്യുന്നത് കരാടിസ്ഥാനത്തിലായതിനാൽ, സപ്ളയർമാർ VAT അടവാക്കിയതിനുള്ള രേഖ ഹാജരാക്കാത്ത പക്ഷം കരാറുകാരിൽ നിന്നും VAT ഈടാക്കി സർക്കാർ ഫണ്ടിൽ അടവാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സപ്ളയർമാർ മെറ്റീരിയൽ സപ്ളൈ ചെയ്തതിന് അവർതന്നെ തയ്യാറാക്കിയ രശീതിയാണ് ഹാജരാക്കിയിട്ടുള്ളത്. ഈ സപ്ളയർമാരിൽ നിന്നും അർഹമായ VAT ഈടാക്കിയതായി കാണുന്നില്ല. VAT ഈടാക്കിയ ബില്ല് ഹാജരാക്കാത്തതിനാൽ ഈ സപ്ളയർമാരിൽ നിന്നും താഴെ പറയും പ്രകാരമുള്ള VAT ഈടാക്കി സർക്കാർ ഫണ്ടിൽ അടവാക്കേണ്ടതാണ്.

വിശദാംശം താഴെ കൊടുക്കുന്നു.

കരാറുകാരൻ:സിദ്ദീഖ് കെ.

| ക്ര.നം | വൗച്ചർ നംപർ | പ്രവൃത്തി | മെറ്റീരിയൽ വില | ഈടാക്കേണ്ട നികുതി @5% |
|---|---|---|---|---|
| 1 | 21500080/7-5-2015 | അമ്പാഴപ്പറമ്പ് ചൂണ്ടിക്കലായ് റോഡ് കോൺക്രീറ്റിംഗ്. 129634 | 96442 രൂപ | 4822 രൂപ |
| 2 | (A) bill No.1/4-4-2015<br>(B) bill No.2/4-4-2015<br>(C) bill No.3/4-4-2015(EFMS മുഖേന നൽകിയത്)<br>കരാറുകാരന്റെ രേഖാമൂലമുള്ള അപേക്ഷയുടെയടിസ്ഥാനത്തിൽ മുഹമ്മത് അക്ബർ എന്ന വ്യക്തിക്കാണ് തുക നൽകിയത്. | താഴെച്ചുള്ളിയോട് പുല്യംതോഡ് റോഡ് കോൺക്രീറ്റിംഗ്. 184399<br>ചുള്ളിയോട്കുന്ന് പാടം റോഡ് കോൺക്രീറ്റിംഗ്. 65934<br>താഴെച്ചുള്ളിയോട് പുല്യംതോഡ് റോഡ് കോൺക്രീറ്റിംഗ്. 184399 | 459103 രൂപ | 22955 രൂപ |
| | | ആകെ | 555545 രൂപ | 27777 രൂപ |

27777 രൂപ കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇക്കാര്യമുന്നയിച്ച് നൽകിയ 6/21-10-2016 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-3 അംഗനവാടിക്ക് വാങ്ങിയ സ്ഥലം അതിരിട്ട് സംരക്ഷിച്ചില്ല.

2015-2016 -ൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി 2 പ്രൊജക്റ്റുകളിലായി

2 അംഗനവാടികൾക്ക് സ്ഥലം വാങ്ങിയിട്ടുണ്ട്. ഇതിൽ മുരുക്കൻപാറ അംഗനവാടിക്ക് ആധാരം നമ്പർ 3333/15/SRO/ മേലാറ്റൂർ പ്രകാരം സർവ്വേ നമ്പർ 99/8 -ൽ 3 സെന്റ് ശ്രീ. എളമ്പുലാവിൽ അബു എന്നയാളിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ഓഡിറ്റ് ടീം, ഐ.സി.ഡി.എസ് സൂപ്പർ വൈസർ എന്നിവർ ഓഡിറ്റിനോടനുബന്ധിച്ച് സ്ഥലപരിശോധനക്ക് സൈറ്റിൽ എത്തിയപ്പോഴും സ്ഥലം അളന്ന് തിരിച്ച് അതിരിട്ട് സംരക്ഷിച്ചതായി കണ്ടെത്താനായില്ല. ചെക്ക് നമ്പർ 1539568/22.7.2015 പ്രകാരം പിൻവലിച്ച 182800 രൂപയിൽ ഈ സ്ഥലത്തിന്റെ വിലയായി ചെലവഴിച്ച 75000 രൂപ അപാകത പരിഹരിച്ച് റിപ്പോർട്ടു ചെയ്യുന്നത് വരെ തടസ്സം ചെയ്യുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം .

ഇല്ല.

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവ്യത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവ്യത്തി നടത്തിയതിന്റെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവ്യത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| KSEB | വന്യമൃഗ പ്രതിരോധത്തിനായി മൂന്നാടിയിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ | ചെക്ക് നമ്പർ 1539580/ 23.9.15 | 407612 | | പൂർത്തീകരണ പത്രം ലഭ്യമല്ല. |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

### 4-4 (i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല.

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

ഇല്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

(2015-16) വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഷെയർ | 5000 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 7660 രൂപ ഈടാക്കിയിട്ടുണ്ട്

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-00 3(10) | 2004-05 | ഡെപ്പോസിറ്റ് പ്രവൃത്തി | കമ്മിറ്റി പരിഗണനയിൽ |
| 2000-01 2(9) | | | |
| 2001-02 3(10) | | | |
| 2006-07 3(25) | 2009-10 | | |

## 4-8. ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ചതിൻെറ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാർട്ടേർഡ് അക്കൗണ്ടൻെറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | പി.എച്ച്.സി. എടപ്പറ്റ | 2007 10/7/07 | 2016 | 21/10/ 2016 | 11/11/ 2015 | കെ. എസ്.എ. എം.പി.എം12 /3170 /2015 | ഇല്ല | |
| 2 | ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (ഹോമിയോ) | 2013 14/03/13 | സമർപ്പിച്ചിട്ടില്ല | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,96,40,538 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,37,56,617 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 21,500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 444033 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

3-1 21,500 ശ്രീ.അബ്ദുൾ മജീദ്, സെക്രട്ടറി

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 75,000 | ശ്രീമതി.റംലത്ത്.കെ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 75,000 | ശ്രീമതി.റംലത്ത്.കെ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-1 | 3,69,033 | ശ്രീ.നിസാർ. എസ്. സെക്രട്ടറി (141127/- രൂപ) |
| | | ശ്രീ.അബ്ദുൾ മജീദ്. പി.എം. സെക്രട്ടറി (227906/- രൂപ) |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 22,955 | ശ്രീ.എസ്സ്.നിസ്സാർ, സെക്രട്ടറി |
| | 4,822 | ശ്രീമതി.ജെസ്സി.വി, സെക്രട്ടറി (ചുമതല) |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| | | |
| 1997-98 | എൽ.എഫ്.എം.13/2957/2014/ 8.1.2015 | 12 |
| 1998-99 | എൽ.എഫ്.എം.13/2958/2014/8.1.2015 | 6 |
| 1999-00 | എൽ.എഫ്.എം.13/2959/2014/8.1.2015 | 6 |
| 2000-01 | എൽ.എഫ്.എം.13/2960/2014/8-1-2015 | 10 |
| 2001-02 | എൽ.എഫ്.എം.(16)1864/2004/7.7.2010 | 19 |
| 2002-03 | എൽ.എഫ്.എം.(16)908/2006/7.7.2010 | 12 |
| 2003-04 | എൽ.എഫ്.എം.(16)1171/2009/7.7.2010 | 12 |
| 2004-05 | എൽ.എഫ്.എം.(16)1739/2009/7.7.2010 | 27 |
| 2005-06 | എൽ.എഫ്.എം.(16)261/2009 /7.7.2010 | 23 |
| 2006-07 | എൽ.എഫ്.എം.(16)511/2010/7.10.2010 | 44 |
| 2007-08 | എൽ.എഫ്.എം.(14)1422/2010/07/07/2010 | 04 |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.എം.(13)199/2013/ 19/04/2013 | 14 |
| 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം.(13)1256/2015/<br>09/11/2015 | 31 |

| | | |
|---|---|---|
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം13/1842/16<br>/28/07/2016 | 26 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 5-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 31-03-2016 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റുമെൻറിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടപ്പറ്റ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ സ്റ്റേറ്റുമെൻറ് വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Edappatta Grama Panchayat** in Malappuram District for the year **2015-16** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of **Edappatta Grama Panchayat** for the year **2015-16** except the observations in my audit report properly present the picture of income and expenditure.

**DEPUTY DIRECTOR**

**MALAPPURAM**.